"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - ആലപ്പുഴ - അമ്പലപ്പുഴ ബ്ലോക്ക് പഞ്ചായത്ത് - 2024 - 25 വാർഷിക പദ്ധതി- ആമയിട തോപ്പിൽ നഗർ സമഗ്രവികസന പദ്ധതി (പ്രോജക്റ്റ് നമ്പർ 129/2025) - സി.എഫ്.സി റൈറ്റഡ് ഗ്രാന്റ് ഉപയോഗിച്ച് കാനയും തോടും ശുചീകരിക്കാൻ അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഡി.ബി.) വകുപ്പ്**

സ.ഉ.(സാധാ) നം.1141/2025/LSGD തീയതി,തിരുവനന്തപുരം, 08-05-2025

---

പരാമർശം:-

1) അമ്പലപ്പുഴ ബ്ലോക്ക് പഞ്ചായത്ത് കമ്മിറ്റിയുടെ 18/10/2024 ലെ 2(1)-ാം നമ്പർ തീരുമാനം
2) അമ്പലപ്പുഴ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റിന്റെ 31.10.2024-ലെ LSGD/BP/AMB/ALP/498/2024-C-നമ്പർ കത്ത്
3) അമ്പലപ്പുഴ ജില്ല പ്ലാനിംഗ് ഓഫീസറുടെ 27/11/2024 ലെ കത്ത്
4) വികേന്ദ്രീകൃതാസൂത്രണം - കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ 27.03.2025-ലെ 4.29-നമ്പർ യോഗ തീരുമാനം

ഉത്തരവ്

ആലപ്പുഴ ജില്ലയിലെ അമ്പലപ്പുഴ ബ്ലോക്ക് പഞ്ചായത്ത് പരിധിയിൽ വരുന്ന അമ്പലപ്പുഴ തെക്ക് ഗ്രാമപഞ്ചായത്തിലെ ആമയിട തോപ്പിൽ നഗറിൽ 13 പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട കുടുംബങ്ങൾ താമസിക്കുന്നുണ്ടെന്നും ഈ നഗറിന്റെ സമീപത്തുകൂടി പോകുന്ന തോപ്പിൽ കോളനി തോടും നഗറിന് നടുവിലൂടെയുള്ള കാനയും മലിനമാണെന്നും ഈ നഗറിലെ വീടും പരിസരവും മണ്ണിട്ടുയർത്തി കാനയും തോടും ശുചീകരിച്ചാൽ മാത്രമേ നീരൊഴുക്ക് സുഗമമാക്കാൻ കഴിയൂയെന്നും, ആയതിനാൽ വീടും പരിസരവും മണ്ണിട്ടുയർത്തി കാനയും തോടും ശുചീകരിക്കാൻ സി.എഫ്.സി. റൈറ്റഡ് ഗ്രാന്റ് ഉപയോഗിക്കാൻ അനുമതി നൽകണമെന്ന് പരാമർശം (1) ലെ ബ്ലോക്ക് പഞ്ചായത്ത് കമ്മിറ്റിയുടെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ അമ്പലപ്പുഴ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് അപേക്ഷ സമർപ്പിക്കുകയുണ്ടായി

2) മേൽ വിഷയം വികേന്ദ്രീകൃതാസൂത്രണം - കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ 27.03.2025-ന് ചേർന്ന യോഗം പരിഗണിക്കുകയും, പരാമർശം (4) ലെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ആമയിട തോപ്പിൽ നഗർ സമഗ്രവികസന പദ്ധതി (പ്രോജക്റ്റ് നമ്പർ 129/2025) ജലസംരക്ഷണവും ശുചീകരണ പ്രവർത്തനവും ആയതിനാൽ സി.എഫ്.സി. റൈറ്റഡ് ഗ്രാന്റ് ഉപയോഗിച്ച് കാനയും തോടും ശുചീകരിക്കാൻ അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു. വീടും പരിസരവും മണ്ണിട്ടുയർത്തുമ്പോൾ ജലത്തിന്റെ സുഗമമായ ഒഴുക്ക് ഒരു കാരണവശാലും തടസ്സപ്പെടുത്തരുതെന്നും നിർദേശിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ലീന എൻ പി
അഡിഷണൽ സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്, തിരുവനന്തപുരം
ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്, തിരുവനന്തപുരം
കൺവീനർ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്, പ്ലാനിംഗ് ബോർഡ്, പട്ടം, തിരുവനന്തപുരം
സെക്രട്ടറി, അമ്പലപ്പുഴ ബ്ലോക്ക് പഞ്ചായത്ത്, ആലപ്പുഴ.
അക്കൗണ്ടന്റ് ജനറൽ (എ & ഇ /ഓഡിറ്റ്) കേരള, തിരുവനന്തപുരം
കരുതൽ ഫയൽ. (DB2/302/2025-LSGD)

ഉത്തരവിൻ പ്രകാരം

Signed by
Smitha. L
സെക്ഷൻ ഓഫീസർ
Date: 09-05-2025 14:16:42